# ദുഃഖമോചനം

*പ്രൊഫ. തമ്പാൻ നായർ, മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റ്.*

അന്നു ഞാനുണർന്നപ്പോൾ ദിങ്മുഖം ചുകന്നപ്പോ-
ളോർമ്മതൻ മുളകളെൻ ശാന്തിയെ ഹനിച്ചതു
ഏറിയ മാലാമന്ധകാരത്താൽ വഴിതെറ്റി
വീണു ഞാൻ മുള്ളാവൃതമായിട്ടും കുഴിക്കകം.

എന്നുടെ വദനവും ദേഹവുമുദിരത്താ-
ലാച്ഛാദമായി വിളിച്ചോതിയെൻ രക്ഷയ്ക്കായി.
കണ്ടു ഞാൻ മനുഷ്യരെ തെറ്റി "ദ്വൈപദപ്രാണി"-
യെന്നന്തികത്തിൽക്കൂടെ നടന്നുപോകുന്നതായ്.

കേട്ടു ഞാ"നെഴുന്നേൽക്കൂ മുള്ളിനെയകറ്റിട്ടു
ഈശ്വരൻ കനിഞ്ഞിടും മംഗളമുദിച്ചിടും".
കണ്ടതില്ലവരാഴം കുഴിതൻ, മുള്ളിൻമുന
തന്നുടെയാഘാതത്താലൊഴുകും നിണത്തിനെ

കണ്ടു ഞാൻ കാർമേഘത്തിൻ കണ്ടകസമൂഹത്തിൻ
നിന്നു മോചിതനാകാൻ ശ്രമിക്കും തിങ്കളിനെ
സ്വപ്രയത്നത്താൽ തന്നെ ജീവിതദുഃഖം നീക്കി
സപ്രസന്നനായ് മാറാൻ നിശ്ചയമുറച്ചു ഞാൻ.